# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം*- 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ജൂലൈ 16**

---

## എം.ജി.യു. ഗ്രാജുവേറ്റ് സ്‌കൂളിൽ പുതിയ ഇന്റഗ്രേറ്റഡ് ബാച്ചിന് തുടക്കം

*മഹാത്മാഗാന്ധി സർവകലാശാലാ ഗ്രാജുവേണ് സ്കൂളിൽ 2026-27 അധ്യയന വർഷത്തിലെ 4+1 ഇന്റഗ്രേറ്റഡ് യുജി/പിജി പ്രോഗ്രാമിന് തുടക്കമായി. ഐ.ഐ.ആർ.ബി.എസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു.*

*ഗ്രാജുവേണ് സ്കൂൾ ജോയിന്റ് ഡയറക്ടർ ഡോ. ഡിന്ധി ഡിക്സൺ സ്വാഗതം ആശംസിച്ച ചടങ്ങിൽ ഡയറക്ടർ പ്രൊഫ. ഡോ. ബൈജു കെ.ആർ. അധ്യക്ഷത വഹിച്ചു. ഗ്രാജുവേണ് സ്കൂളിന്റെ സ്ഥാപക ഡയറക്ടർ പ്രൊഫ. ഡോ. കെ. ജയചന്ദ്രൻ 4+1 ഇന്റഗ്രേറ്റഡ് യുജി/പിജി പ്രോഗ്രാമിന്റെ സവിശേഷതകളും അക്കാദമിക ഘടനയും വിദ്യാർഥികൾക്ക് പരിചയപ്പെടുത്തി.*

*ഗ്രാജുവേണ് സ്കൂളിലെ ജോയിന്റ് ഡയറക്ടർമാരായ ഡോ. സ്വാതിമോൾ പി. എസ്., ഡോ. ശാന്തിനി പി. വി. എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഗ്രാജുവേണ് സ്കൂൾ ജോയിന്റ് ഡയറക്ടർ ഡോ. സ്മിത എസ്. നന്ദി രേഖപ്പെടുത്തി. അധ്യാപകരും ജീവനക്കാരും വിദ്യാർഥികളും ചടങ്ങിൽ സന്നിഹിതരായിരുന്നു.*

*ഫോട്ടോ ക്യാപ്ഷൻ: മഹാത്മാഗാന്ധി സർവകലാശാലാ ഗ്രാജുവേണ് സ്കൂളിൽ 2026 27 അധ്യയന വർഷത്തിലെ 4+1 ഇന്റഗ്രേറ്റഡ് യുജി/പിജി പ്രോഗ്രാം  വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഒ/648/2026)*

## സീറ്റൊഴിവ്

*മഹാത്മാഗാന്ധി സർവകലാശാല ക്യാമ്പസിലെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ദ്വിവത്സര എൽ.എൽ.എം (ക്രിമിനൽ ലോ ആന്റ് ഫോറൻസിക്സ് - 2026 അഡ്മിഷൻ) കോഴ്സിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഓരോ സീറ്റ് വീതം ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത, സംവരണം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 20-ന് രാവിലെ 10.30-ന് സ്കൂൾ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.*

*(പി.ആർ.ഒ/649/2026)*

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*മോഡൽ 2 ബിഎ, ബിഎസ് സി, ബികോം (1998 മുതൽ 2008 വരെ അഡ്മിഷനുകൾ) അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ ഓഗസ്റ്റ് 5 മുതൽ ഏറ്റുമാനൂരപ്പൻ കോളേജിൽ നടക്കും.*

*(പി.ആർ.ഒ/650/2026)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബിഎസ് സി ഫിസിക്സ്* MI,MII,MIII, *(സിബിസിഎസ്) (2023 അഡ്മിഷൻ തോനുവർക്കായുള്ള) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 20 മുതൽ കാലടി ശ്രീ ശങ്കര കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

-----------------

*ആറാം സെമസ്റ്റർ ബിസിഎ, ബിഎസ് സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 (സിബിസിഎസ്) (പുതിയ സ്കീം-2023 അഡ്മിഷൻ തോനുവർക്കായുള്ള) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 20 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/651/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ* B.Lib.I.Sc *(2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ സപ്ലിമെന്ററി) രണ്ടാം സെമസ്റ്റർ* B.L.I.Sc *(2021 മുതൽ 2023 വരെ അഡ്മിഷനുകൾ മെഴ്‌സി ചാൻസ്) ജൂലൈ 2026 പരീക്ഷകൾ ഓഗസ്റ്റ് 10 മുതൽ നടക്കും. ജൂലൈ 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 23 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 24 വരെയും അപേക്ഷ സ്വീകരിക്കും.*

*-----------------*

*ഒന്നാം സെമസ്റ്റർ എംഎഡ് (സ്പെഷ്യൽ എജ്യൂക്കേഷൻ-ലേണിംഗ് ഡിസബിലിറ്റി) (2025 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് ജൂലൈ 21 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 22 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 23 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/652/2026)*

## പരീക്ഷാഫലം

*നാലാം സെമസ്റ്റർ ബിപിഇഎഡ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ സപ്ലിമെന്ററി, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ മെഴ്‌സി ചാൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 30 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/653/2026)*

## അഡ്മിഷൻ

*ബിരുദ ഏകജാലകം: പട്ടിക ജാതി -പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റ് - ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം നാളെ വൈകുന്നേരം 5.00 മണി വരെ ലഭ്യമായിരിക്കുന്നതാണ്.*

*-----------------*

*ബിരുദാനന്തര ബിരുദ ഏകജാലകം: പട്ടിക ജാതി -പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് -പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 18 വൈകുന്നേരം 4.30നു മുൻപായി കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്.*

*-----------------*

*ബി എഡ്  ഏകജാലകം: പട്ടിക ജാതി -പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് -പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 18 വൈക്കുന്നേരം  4.30നു നു മുൻപായി  കോളേജുകളിൽ നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്.*

*(പി.ആർ.ഒ/654/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**